No. CEE/3321/2012/NEET (UG) 2013/TA1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## <u>വിജ്ഞാപനം</u>

## എംബിബിഎസ് കോഴ്സ് പ്രവേശനം - 2013 ന്യൂനപക്ഷ പദവിയുള്ള /കമ്മ്യൂണിറ്റി ക്വാട്ടയുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ അലോട്ട്മെന്റ്

(G.O.(Rt)No.1974/2013/H&FWD, dated Thiruvananthapuram, 07.06.2013)
(G.O.(Rt)No.2138/2013/H&FWD, dated Thiruvananthapuram, 18.06.2013)
(G.O.(Rt)No.2382/2013/H&FWD, dated Thiruvananthapuram, 04.07.2013)

സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലേക്കുള്ള 2013 ലെ അലോട്ടുമെന്റ് നടപടികൾ ജൂലൈ അവസാന വാരം ആരംഭിക്കുന്നതാണ്. കേരള സർക്കാരിന്റെ ഉത്തരവുകൾ പ്രകാരം, ന്യൂനപക്ഷ പദവിയുള്ള/കമ്മ്യൂണിറ്റി ക്വാട്ടയുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുന്ന 50% സീറ്റുകളിലെ 30% സീറ്റുകൾ, പ്രസ്തുത ന്യൂനപക്ഷ സമുദായത്തിലെ വിദ്യാർത്ഥികൾ/കോളേജ് മാനേജ്മെന്റുകൾ പ്രതിനിധാനം ചെയ്യുന്ന സമുദായത്തിലെ വിദ്യാർത്ഥികൾ എന്നിവർക്കായി സംവരണം ചെയ്തിട്ടുണ്ട്. ഇത്തരം സീറ്റുകളിലേക്കുള്ള പ്രവേശനത്തിനായി അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു.

ന്യൂനപക്ഷ പദവി/കമ്മ്യൂണിറ്റി ക്വാട്ട ലഭ്യമായിട്ടുള്ള മെഡിക്കൽ കോളേജുകളുടേയും സംവരണത്തിന് അർഹമായ സമുദായങ്ങളുടേയും വിവരങ്ങൾ ചുവടെ ചേർത്തിട്ടുണ്ട്.

### <u>LIST OF MEDICAL COLLEGES</u>

| Sl. No. | College code | Institution | Community | Authority to issue Certificates |
|---|---|---|---|---|
| 1 | EMC | MES Medical College, Perinthalmanna, Malappuram | Muslim | Village Officer |
| 2 | KCM | KMCT Medical College, Mukkom, Kozhikode | Muslim | |
| 3 | AMC | Amala Institute of Medical Sciences, Amala Nagar, Thrissur | Syro Malabar Catholic | Fr.Francis Kurissery, CMI, Joint Director |
| 4 | JMC | Jubilee Mission Medical Colleg & Research Institute, Bisho Alappat Road, P.B. No.737, Jubilee Mission P.O. Thrissur – 5 | Syro Malabar Catholic (RCSC) of Archdiocese, Thrissur excluding Suffragan Dioceses | V.Rev.Fr.Dominic Thalakkoden, Vice Chancellor, Archeparchy of Thrissur |
| 5 | MMC | Malankara Orthodox Syrian Church Medical College, Kolenchery, Ernakulam | Malankara Orthodox Syrian | Vicar of the Parish countersigned by Diocesan Bishop and attested by C.A. Aby George, Manager, Finance, MOSC Medical College |
| 6 | PMC | Pushpagiri Institute of Medical Science & Research Centre, Thiruvalla | Syro Malankara Catholic | Vicar of the Syro Malankara Catholic Church countersigned by Arch. Bishop/Bishop and attested by Rev.Dr.Mathew Mazhavancheril, Director, Academics & Research |
| 7 | SMC | Dr. Somervell Memorial CSI Medical College, Karakonam, Thiruvananthapuram | a) SIUC-SKD : 13 seats<br>b) SC/ST Converted to SIUC-SKD : 1 seat<br>c) Non Nadar SIUC : 1 seat | Rt. Rev. A.Dharmaraj Rasalam, Bishop, South Kerala Diocese |

മേൽപ്പറഞ്ഞ മെഡിക്കൽ കോളേജുകളിൽ മൈനോറിറ്റി/കമ്മ്യൂണിറ്റി ക്വാട്ടാ സീറ്റുകളിലേക്ക് അപേക്ഷിക്കാൻ താത്പര്യമുള്ള വിദ്യാർത്ഥികൾ <u>www.cee.kerala.gov.in</u> എന്ന വെബ്സൈറ്റിൽ അതത് കോളേജുകൾക്ക് നേരെ നൽകിയിട്ടുള്ള പ്രൊഫോർമ ഡൗൺലോഡ് ചെയ്ത് ബന്ധപ്പെട്ട അധികാരികളിൽ നിന്നും സർട്ടിഫിക്കറ്റ് വാങ്ങി **Proforma for Submission of Candidate Details** ഉൾപ്പെടെ സമർപ്പിക്കേണ്ടതാണ്.

2013 ലെ കേരള എംബിബിഎസ് കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള മുസ്ലീം വിദ്യാർത്ഥികൾ, ജാതി/സമുദായ സർട്ടിഫിക്കറ്റ് വീണ്ടും സമർപ്പിക്കേണ്ടതില്ല. എന്നാൽ കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെടാത്ത മുസ്ലിം സമുദായത്തിൽപെട്ട വിദ്യാർത്ഥികളെ ഈ ക്വാട്ടയിലേക്ക് പരിഗണിക്കുന്നതിലേക്കായി മേൽപറഞ്ഞ സർട്ടിഫിക്കറ്റും പ്രൊഫോർമയും ഹാജരാക്കേണ്ടതാണ്.

മേൽപറഞ്ഞ സർട്ടിഫിക്കറ്റുകൾ **പ്രവേശന പരീക്ഷാ കമ്മീഷണർ, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം 695001** എന്ന വിലാസത്തിൽ **27.07.2013 (ശനിയാഴ്ച) വൈകുന്നേരം 5 മണിക്ക് മുമ്പ്** നേരിട്ടോ സ്പീഡ് പോസ്റ്റ് മുഖേനയോ സമർപ്പിക്കേണ്ടതാണ്. ഈ ക്വാട്ടയിലേക്ക് അപേക്ഷിക്കുന്ന വിദ്യാർത്ഥികളും മറ്റു വിദ്യാർത്ഥികളെപ്പോലെ താത്പര്യമുള്ള എല്ലാ കോളേജുകളിലേക്കും **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ ഓപ്ഷനുകൾ യഥാസമയം രജിസ്റ്റർ ചെയ്യേണ്ടതാണ്.

നിശ്ചിത സമയത്തിന് ശേഷം ലഭിക്കുന്ന സർട്ടിഫിക്കറ്റുകളും ഫാക്സ്, ഇ മെയിൽ എന്നിവ മുഖേന അയക്കുന്ന സർട്ടിഫിക്കറ്റുകളും യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. പോസ്റ്റൽ കാലതാമസത്തിന് പ്രവേശന പരീക്ഷാ കമ്മീഷണർ ഉത്തരവാദിയായിരിക്കുകയില്ല.

കൂടുതൽ വിവരങ്ങൾക്ക് ഹെൽപ്പ് ലൈൻ നമ്പരുകളായ 0471-2339101, 2339102, 2339103, 2339104 എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
18.07.2013